# നികുതി നിരക്കുകൾ കാലാനുസൃതം വർദ്ധിപ്പിയ്ക്കാത്തതും നികുതി പിരിവിലെ അലംഭാവവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ധനപ്രതിസന്ധിയിലേക്കു നയിക്കുന്നു

*(അഞ്ചാം ധനകാര്യ കമ്മീഷൻ ചെയർമാൻ ഡോ:ബി.എ.പ്രകാശ് നടത്തിയ പത്രസമ്മേളനം)*

അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ കേരളത്തിലെ 14 ജില്ലകളിലും സിറ്റിംഗ് നടത്തുകയും 57 ഗ്രാമപഞ്ചായത്തുകൾ 14 മുനിസിപ്പാലിറ്റികൾ, 5 മുനിസിപ്പൽ കോർപറേഷൻ, 14 ബ്ലോക്ക് പഞ്ചായത്തുകൾ 14 ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ ധനസ്ഥിതിയും വാർഷിക പദ്ധതിയും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്തു. ഈ സ്ഥാപനങ്ങൾ അവരുടെ സാമ്പത്തിക പ്രശ്നങ്ങളും, ആവശ്യങ്ങളും നിർദ്ദേശങ്ങളും കമ്മീഷന്റെ മുന്നിൽ അവതരിപ്പിച്ചു. ഇതേ കുറിച്ചാണ് ഈ പത്രക്കുറിപ്പ്.

## നികുതി പിരിവ്

- ഗ്രാമപഞ്ചായത്തുകളുടെ ഏറ്റവും പ്രധാന നികുതി വരുമാനമായ വസ്തു നികുതിയിൽ കഴിഞ്ഞ 25 വർഷത്തിനുള്ളിൽ ഒരു വർദ്ധന വരുത്തിയെങ്കിലും (2013-ൽ) പിന്നീട് അതു ഭാഗികമായി പിൻവലിച്ചു. രണ്ടാമത്തെ പ്രധാന നികുതിയായ തൊഴിൽ നികുതി 1988-നു ശേഷം ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല. ഈ നികുതിയുടെ പരിധി 2500 രൂപയിൽ നിന്ന് 12,000 രൂപയായി വർദ്ധിപ്പിയ്ക്കണമെന്ന് 14-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തതെങ്കിലും അത് ഇതു വരെ നടപ്പാക്കിയിട്ടില്ല. തൊഴിൽ നികുതിയിൽ മാറ്റം വരണമെങ്കിൽ ഭരണഘടനയിൽ മാറ്റം വരണമെന്ന നിയമപ്രശ്നം നില നില്ക്കുന്നു.

2014 സെപ്റ്റംബറിൽ സർക്കാർ വകുപ്പുകളുടെ നികുതിഇതര ഇനങ്ങളിലുള്ള നിരക്ക് 15 ശതമാനം മുതൽ 50 ശതമാനം വരെ വർദ്ധന വരുത്തിയെങ്കിലും ഈ വർദ്ധന തദ്ദേശ സ്വയംഭരണ സ്ഥാനങ്ങൾക്കു ബാധകമാക്കിയിട്ടില്ല. ചുരുക്കത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നികുതി, നികുതിഇതര ഇനങ്ങളിൽ കഴിഞ്ഞ രണ്ടു ദശാബ്ദമായി വർദ്ധന ഉണ്ടായിട്ടില്ല.

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന നികുതി, നികുതിഇതര വരുമാനങ്ങൾ കാലാനുസൃതം കൃത്യമായി വർദ്ധിപ്പിയ്ക്കാൻ (ഓരോ അഞ്ചു വർഷവും) ഇവർക്കു നിയമപരമായി അനുമതി നല്കുക എന്നാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കമ്മീഷനോട് ആവശ്യപ്പെടുന്നത്. എന്നാൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന പൊതുമാനദണ്ഡങ്ങൾക്കു വിധേയമായി മാത്രമേ നികുതി പരിഷ്കരണം നടത്താവൂ.
- നിലവിൽ 978 ഗ്രാമപഞ്ചായത്തുകളിൽ 150-ൽ താഴെ മാത്രം സേവന നികുതി പിരിക്കുന്നുള്ളൂ. ബൈലാകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നികുതികളും മറ്റു നികുതിഇതര വരുമാനങ്ങളും പിരിയ്ക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സ്വാതന്ത്രമുള്ളതു കൊണ്ടാണിത്. ബൈലാ സമ്പ്രദായം അവസാനിപ്പിക്കുകയും അതിനു പകരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾക്കും പൊതു ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നികുതി, നികുതിഇതര ഇനങ്ങളിൽ നിരക്കുകൾ നിശ്ചയിക്കുകയും വേണം.
- 2013 ഏപ്രിലിൽ നടപ്പിലാക്കിയ വസ്തു നികുതി വർദ്ധന മൂലം ഗ്രാമപഞ്ചായത്തുകളുടെ നികുതി 100 മുതൽ 300 ശതമാനം വർദ്ധന വന്നിട്ടുണ്ട്. കമ്മീഷന്റെ സിറ്റിംഗിൽ പങ്കെടുത്ത 17

ഗ്രാമപഞ്ചായത്തുകളിൽ 100 ശതമാനം മുതൽ 200 ശതമാനം വർദ്ധനയും 6 ഗ്രാമപഞ്ചായത്തുകളിൽ 200 ശതമാനത്തിൽ അധികം വർദ്ധനയും ഉണ്ടായി. 660 ചതുരശ്ര അടിവരെയുള്ള വാസഗൃഹങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയതും 2000 ചതുരശ്ര അടി വരെയുള്ള വീടുകളുടെ നികുതി വർദ്ധന പിൻവലിച്ചതും പിരിച്ച അധിക നികുതി അടുത്ത വർഷത്തേക്ക് ക്രമീകരിച്ച നടപടി തങ്ങളുടെ ധനസ്ഥിതിയെ തകർക്കുമെന്ന് കമ്മീഷന്റെ സിറ്റിംഗിൽ പങ്കെടുത്ത എല്ലാ ഗ്രാമപഞ്ചായത്തുകളും അഭിപ്രായപ്പെട്ടു.

- 57 ഗ്രാമപഞ്ചായത്തുകളിൽ രണ്ടിൽ ഒഴികെ ഒരിടത്തും ഇതിന്റെ പേരിൽ കാര്യമായ പ്രതിഷേധം ഉണ്ടായിട്ടില്ല.
- വസ്തു നികുതി വർദ്ധന നടപ്പിലാക്കണമെങ്കിൽ അതുമായി ബന്ധപ്പെട്ട പുതുക്കിയ നികുതി അസസ് ചെയ്യാൻ ഒന്നര മുതൽ രണ്ടു വർഷം സമയം ആവശ്യമാണെന്ന് മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അഭിപ്രായപ്പെട്ടു. ഒന്നര വർഷം തങ്ങൾ നടത്തിയ പരിശ്രമം നികുതി വർദ്ധന പിൻവലിച്ചതോടെ വ്യർത്ഥമായെന്ന് അവർ അഭിപ്രായപ്പെട്ടു.
- തങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ വസ്തു നികുതിയും, തൊഴിൽ നികുതിയും വർദ്ധിപ്പിയ്ക്കണമെന്ന് കമ്മീഷന്റെ മുമ്പിൽ വന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടു.
- ഇടുക്കി ജില്ലയിൽ വലിയ വിഭാഗം ജനങ്ങൾ തങ്ങളുടെ ഭൂമിക്ക് പട്ടയം ഇല്ലാത്തതിനാൽ വസ്തു നികുതി അടച്ച രസീത് വീടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനും, റേഷൻ കാർഡ് ലഭിക്കുന്നതിനും, ബാങ്ക് വായ്പ ലഭിക്കുന്നതിനും മറ്റും ആവശ്യമാണ്. അതു കൊണ്ട് വസ്തു നികുതി നല്കുന്നതിൽ നിന്നും ആരെയും

ഒഴിവാക്കരുതെന്ന് ആ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടു. മറ്റു ചില ജില്ലകളിലെ തദ്ദേശ സ്ഥാപനങ്ങളും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

- നികുതി വർദ്ധനവിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടു വച്ച മറ്റു നിർദ്ദേശങ്ങൾ ഇവയാണ്:

1) *എല്ലാ വീടുകളും വസ്തു നികുതിയുടെ പരിധിയിൽ കൊണ്ടു വരണം.*
2) *കേന്ദ്ര സർക്കാർ കെട്ടിടങ്ങളും ദേവസ്വം ബോർഡുകൾ ഉൾപ്പെടെയുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളും വസ്തു നികുതിക്ക് വിധേയമാക്കണം*
3) *അൺ എയ്ഡഡ് സ്ഥാപനങ്ങൾക്കു വസ്തു നികുതി ഈടാക്കണം.*
4) *മത്സ്യബന്ധന ബോട്ടുകൾക്ക് രജിസ്ട്രേഷൻ ഫീസ് ഏർപ്പെടുത്തണം.*
5) *ഹൗസ് ബോട്ടുകൾ പ്രാദേശിക സർക്കാരുകളിൽ രജിസ്റ്റർ ചെയ്യണം.*
6) *ഹാളുകൾ, ആഡിറ്റോറിയങ്ങൾ, വാണിജ്യാവശ്യത്തിനു നൽകുന്ന കടമുറികൾ എന്നിവയുടെ നിരക്കുകൾ വർദ്ധിപ്പിക്കുക.*
7) *പാറ, കരിങ്കല്ല്, ചല്ലി എന്നിവ കൊണ്ടു പോകുന്നതിന് പ്രാദേശിക സർക്കാരിൽ നിന്ന് പാസ് വാങ്ങുക.*
8) *ക്വാറികളുടെയും ക്രഷറുകളുടെയും ലൈസൻസ് ഫീസ് വർദ്ധിപ്പിക്കുക.*
9) *വാടകക്ക് നൽകിയിട്ടുള്ള വാസഗൃഹങ്ങളുടെ വസ്തു നികുതി നിരക്ക് സാധാരണ നിരക്കിനേക്കാൾ ഉയർത്തുക.*
10) *കേബിൾ ഉപഭോക്താക്കളുടെമേൽ ഒരു ഫീസ്/ സർചാർജ്ജ് ഈടാക്കുക.*

11) *സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംഘടിത മേഖലയിലെ സ്വകാര്യ മേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ ഒഴിച്ച് മറ്റ് തൊഴിൽ ചെയ്യുന്നവരിൽ ഭൂരിഭാഗം പേരും തൊഴിൽ നികുതി അടക്കുന്നില്ല. നിലവിൽ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന വക്കീലന്മാരിൽ ഒരു ചെറിയ വിഭാഗം മാത്രമേ തൊഴിൽ നികുതി നല്കുന്നുള്ളൂയെന്ന് സിറ്റിംഗിൽ പങ്കെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പറഞ്ഞു. കച്ചവടം, ഗതാഗതം, സർവീസ് തുടങ്ങിയ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരും തൊഴിൽ ചെയ്യുന്നവരും തൊഴിൽ നികുതി അടക്കുന്നില്ല. ഇതു പരിഹരിയ്ക്കാൻ നികുതി അടയ്ക്കാത്തവരുടെ പേരിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കാനും ഫൈൻ വർദ്ധിപ്പിയ്ക്കാനും ആവശ്യമായ നിയമഭേദഗതികൾ നടപ്പിലാക്കേണ്ടതാണ്.*

**നികുതി കുടിശ്ശിക**

- നികുതി, നികുതിഇതര കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കുന്നതിൽ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പൊതുവിൽ അലംഭാവം കാണിക്കുന്നു. വസ്തു നികുതി പിരിച്ചെടുക്കുന്നതിനും വാടക പോലുള്ള നികുതിഇതര ഇനങ്ങൾ യഥാസമയത്ത് പിരിച്ചെടുക്കുന്നില്ല.
- തിരുവനന്തപുരം കോർപറേഷൻ 59.48 കോടിയും, തൃശൂർ കോർപറേഷൻ 21.86 കോടിയും, കോഴിക്കോട് കോർപറേഷൻ 5.55 കോടിയും, കൊച്ചി കോർപറേഷൻ 13.06 കോടിയും, കൊല്ലം കോർപറേഷൻ 3.73 കോടിയും പിരിച്ചെടുക്കാനുണ്ട്.
- നഗരസഭകൾ പിരിച്ചെടുക്കേണ്ട കുടിശ്ശിക താഴെ പറയുന്നു:

| | |
|---|---|
| *വടക്കൻ പറവൂർ* | *- 3.58 കോടി* |
| *വടകര* | *- 7.28 കോടി* |
| *മഞ്ചേരി* | *- 1.28 കോടി* |
| *തൊടുപുഴ* | *- 3.18 കോടി* |
| *കാസർഗോഡ്* | *- 4.07 കോടി* |
| *കോട്ടയം* | *- 3.41 കോടി* |
| *പയ്യന്നൂർ* | *- 2.08 കോടി* |

- വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതാണ് നികുതി കുടിശ്ശിക പിരിയ്ക്കാൻ തടസ്സമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പറയുന്നു. സർക്കാരിൽ നിന്ന് മറ്റ് ഗ്രാന്റുകൾ സ്ഥിരമായി ലഭിക്കുന്നത് മൂലം പൊതുവിൽ നികുതി പിരിവിൽ അലംഭാവമുണ്ട്.
- സിറ്റിംഗിൽ പങ്കെടുത്ത പകുതിയിലധികം ഗ്രാമപഞ്ചായത്തുകളും കുടിശ്ശിക പിരിക്കുന്നതിൽ വേണ്ടത്ര പ്രാധാന്യം നല്കുന്നില്ല.

**<u>ഓഡിറ്റ്</u>**

- ലോക്കൽ ഫണ്ട് ഓഡിറ്റ് പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തുന്ന പരാമർശങ്ങൾ നിർവഹണ ഉദ്യോഗസ്ഥർക്ക് ബാദ്ധ്യത തിട്ടപ്പെടുത്തുക എന്ന ഉദ്ദേശം വെച്ച് മാത്രമാണെന്ന പരാതിയുണ്ട്. പദ്ധതി നടത്തിപ്പിലെ പ്രായോഗിക ബുദ്ധിമുട്ടുകളും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വേണ്ടവിധം ഉൾകൊള്ളുന്നില്ല. തന്മൂലം നിർവഹണ ഉദ്യോഗസ്ഥർ പൊതുവിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ പരാമർശങ്ങളും ബാധ്യതകളും ഭയന്ന് പ്രാദേശിക സർക്കാരുകളുടെ പല പദ്ധതികളും ഏറ്റെടുത്തു നടത്താൻ താല്പര്യം കാണിക്കുന്നില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഈ സമീപനത്തിൽ

കാലോചിതവും സമഗ്രമായ മാറ്റവും ആവശ്യമാണെന്ന് ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യപ്പെട്ടു.

- പെർഫോർമെൻസ് ഓഡിറ്റിനോട് തദ്ദേശ സ്ഥാപനങ്ങൾ പൊതുവെ അനുകൂല മനോഭാവം വച്ചു പുലർത്തുന്നു. ഓഡിറ്റ് ഗുണപ്രദമാണെന്നും അഭിപ്രായപ്പെട്ടു. എന്നാൽ യഥാസമയം ഓഡിറ്റ് നടത്തുന്നില്ല എന്ന പരാതിയുണ്ട്.
- റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്കു നല്കേണ്ട റിട്ടയർമെന്റ് ആനുകൂല്യങ്ങളും മാസ പെൻഷനും നല്കാനുള്ള സാമ്പത്തിക ബാദ്ധ്യത മുനിസിപ്പാലിറ്റികൾക്കും കോർപറേഷനുകൾക്കും വലിയ പ്രശ്നമുണ്ടാക്കുന്നു. ഈ ഇനത്തിൽ സർക്കാരിൽ നിന്ന് വലിയ തുക ഇവർക്കു കുടിശ്ശികയായി ലഭിയ്ക്കാനുണ്ട്. ജീവനക്കാരുടെ ശമ്പളവും പെൻഷൻ നല്കാനുള്ള സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് ഭൂരിഭാഗം മുനിസിപ്പാലിറ്റികളും ആവശ്യപ്പെട്ടു. തിരുവനന്തപുരം കോർപറേഷന് പെൻഷൻ ഇനത്തിൽ സംസ്ഥാന സർക്കാർ 60 കോടി രൂപ നല്കാനുണ്ട്.

**<u>പദ്ധതി നടത്തിപ്പ്</u>**

- പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകിയിട്ട് രണ്ട് ദശാബ്ദമായെങ്കിലും പദ്ധതി നടത്തിപ്പ് പൊതുവിൽ മോശമാണ്. പദ്ധതി അടങ്കൽ തുകയുടെ ഒരു നല്ല ഭാഗവും അതേ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയുന്നില്ല. പൂർത്തിയാകാതെ അടുത്ത വർഷം നടപ്പിലാക്കുന്ന സ്പിൽ ഓവർ പ്രോജക്ടുകളുടെ എണ്ണം കൂടുന്നു. വാർഷിക പദ്ധതികളുടെ സിംഹഭാഗം തുകയും സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ (ഫെബ്രുവരി, മാർച്ച്)

ചെലവാക്കുന്നു. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതി തയ്യാറാക്കാനും നടപ്പിലാക്കാനും എഞ്ചിനീയർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പ് തൃപ്തികരമല്ല.

- 2014-15ൽ തിരുവനന്തപുരം കോർപറേഷൻ പദ്ധതി തുകയുടെ 43 ശതമാനമേ ചെലവാക്കിയുള്ളൂ. കൊല്ലം കോർപറേഷൻ 56 ശതമാനം, കൊച്ചി 71 ശതമാനം. കോഴിക്കോട് കോർപറേഷൻ 2013-14ൽ ചെലവാക്കിയത് 49 ശതമാനം.

- 2014-15ൽ മുനിസിപ്പാലിറ്റികളുടെ പദ്ധതി നടത്തിപ്പും പൊതുവിൽ മോശമാണ്. വിവരം ലഭ്യമാക്കിയ 10 മുനിസിപ്പാലിറ്റിയിൽ 7 എണ്ണത്തിന്റെയും പദ്ധതി ചെലവ് 48 ശതമാനം മുതൽ 71 ശതമാനം വരെയാണ്. മൂന്നു മുനിസിപ്പാലിറ്റികൾ മാത്രമെ 81 ശതമാനത്തിലധികം തുക ചെലവഴിച്ചത്. ഏറ്റവും മോശമായി പദ്ധതി നടത്തിയത് പയ്യന്നൂർ, കോട്ടയം, കുന്നംകുളം. ജില്ലാ പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പ് 2014-15-ൽ പൊതുവിൽ മോശമാണ്. വിവരം ലഭ്യമാക്കിയ 12 ജില്ലാ പഞ്ചായത്തുകളിൽ 8 എണ്ണത്തിന്റെയും വാർഷിക പദ്ധതി ചെലവ് പദ്ധതി തുകയുടെ 70 ശതമാനത്തിൽ താഴെയാണ്. വളരെ മോശമായി പദ്ധതി നടത്തിയ ജില്ലാ പഞ്ചായത്തുകൾ താഴെ പറയുന്നു:

  *പത്തനംതിട്ട 67 ശതമാനം, ആലപ്പുഴ 60 ശതമാനം, ഇടുക്കി 53 ശതമാനം, തൃശൂർ 58 ശതമാനം, കോഴിക്കോട് 57 ശതമാനം, കാസർകോട് 66 ശതമാനം.*

- വേണ്ടത്ര സ്റ്റാഫ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഇല്ലാത്തത് പദ്ധതി നടത്തിപ്പിന് ഒരു പ്രധാന കാരണമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പറഞ്ഞു. പല ഗ്രാമപഞ്ചായത്തുകളിലും ഒരു

അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഒന്നു മുതൽ മൂന്നു വരെ പഞ്ചായത്തുകളുടെ പദ്ധതി നിർവഹണവും നടത്തിപ്പിന്റെയും ചുമതലയുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് വാഹനം ഇല്ലാത്തതും വർക്കുകൾ പരിശോധിക്കാൻ തടസ്സമാകുന്നുവെന്ന് ചൂണ്ടി കാണിച്ചു.

- പ്രോജക്ടുകളുടെ എണ്ണം വളരെ വർദ്ധിച്ചതും പദ്ധതി രൂപീകരണം, നടത്തിപ്പ് എന്നിവ മോശമാക്കി. പല ഗ്രാമപഞ്ചായത്തുകളും ഒരു വർഷം നടപ്പിലാക്കേണ്ട പദ്ധതികൾ 100-ൽ അധികമാണ്. മുനിസിപ്പൽ കോർപറേഷനുകളിൽ ആയിരത്തിലധികം പദ്ധതികളുണ്ട്. ജനപ്രതിനിധികളുടെ താല്പര്യം മൂലം പ്രോജക്ടുകളുടെ എണ്ണം വളരെ കൂടുതലാണ്. ചെറിയ തുകയ്ക്ക് കൂടുതൽ പ്രോജക്ടുകൾ എന്ന രീതിയാണ് പൊതുവിൽ.
- ബനിഫിഷിയറി കമ്മിറ്റിയെ കൊണ്ട് അവർക്ക് സാങ്കേതികജ്ഞാനമില്ലാത്ത പ്രോജക്ടുകൾ നടപ്പാക്കുന്നതും പദ്ധതിയുടെ ഗുണനിലവാരത്തെ പൊതുവെ ബാധിച്ചിട്ടുണ്ട്.
- പ്രോജക്ടുകളുടെ ഭരണ സാങ്കേതിക അനുമതി ലഭിയ്ക്കാൻ താമസം, കോൺട്രാക്ടർമാരുടെ ക്ഷാമം, കാലാവസ്ഥ മോശമായതിനാൽ പണി നടത്താനുള്ള പ്രായോഗിക വിഷമം നിർമ്മാണ സാമഗ്രികളായ മണൽ, മെറ്റൽ, പാറപ്പൊടി തുടങ്ങിയവയുടെ ക്ഷാമം, വർക്കുകൾക്കും നിർമ്മാണ സാമഗ്രികൾക്കും നിശ്ചയിച്ചിരിക്കുന്ന കമ്പോള വിലയേക്കാൾ കുറഞ്ഞ റേറ്റുകൾ തുടങ്ങിയവയും പദ്ധതി നടത്തിപ്പ് മോശമാക്കാൻ കാരണമായിട്ടുണ്ട്.
- തദ്ദേശ സ്ഥാപനങ്ങളിൽ നില നിൽക്കുന്ന രാഷ്ട്രീയ താല്പര്യങ്ങളും മത്സരങ്ങളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരുടെയും തമ്മിലുള്ള

അഭിപ്രായ വ്യത്യാസങ്ങളും, നിയമസംവിധാനങ്ങൾ വിട്ട് പണം ചെലവാക്കാനുള്ള പ്രവണതകളും, ഭൂമി ഏറ്റെടുക്കാനുള്ള കാലാഹരണപ്പെട്ട ഭരണ നടപടികളും, അഴുക്കു നിർമ്മാർജ്ജനം, ശവപറമ്പുകൾ, അറവുശാലകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിൽ ജനങ്ങളുടെ എതിർപ്പും, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നിവരുടെ സഹകരണ കുറവും വികസന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ തടസ്സം നിൽക്കുന്ന പ്രധാന കാരണങ്ങളാണ്.

**<u>ഉപസംഹാരം</u>**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു വരുമാനം (നികുതിയും, നികുതിഇതര വരുമാനങ്ങളും) വർദ്ധിപ്പിയ്ക്കാൻ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ ഇവ രൂക്ഷമായ ധന പ്രതിസന്ധിയിലേക്കു നീങ്ങും.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന നികുതികളും നികുതിഇതര വരുമാനങ്ങളും ഓരോ അഞ്ചു വർഷവും വർദ്ധിപ്പിയ്ക്കാൻ അവർക്കു അധികാരം നല്കണമെന്ന നിർദ്ദേശം പരിശോധിക്കുന്നതാണ്.
- നികുതി പിരിവ് കാര്യക്ഷമമാക്കുകയും നികുതി കുടിശ്ശികകൾ കർശനമായി പിരിച്ചെടുക്കുന്നതിനുമുള്ള നടപടികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ രൂപം നല്കണം. ഇതിൽ കൂടുതൽ ഫീൽഡ് സ്റ്റാഫിനെ നിയോഗിക്കണം.
- നികുതി, നികുതി ഇതര ഇനങ്ങളിലെ നിരക്ക് നിശ്ചയിക്കുന്നതിനും, നടപ്പാക്കുന്നതിനും നിലവിലുള്ള ബൈല സമ്പ്രദായം മാറ്റാൻ

നടപടികൾ ആവശ്യമാണ്. പൊതു ചട്ടത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിശ്ചയിക്കണം.

- സാമ്പത്തിക മാറ്റങ്ങൾക്കനുസരിച്ച് പുതുതായി ഉണ്ടാകുന്ന സ്ഥാപനങ്ങളിലെ നികുതി പിരിവിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നല്കണം (പുതിയ ടൂറിസ്റ്റ് റിസോർട്ടുകൾ, ക്വാറികൾ, മൊബൈൽ ടവർ, ഹൗസ് ബോട്ടുകൾ, തുടങ്ങിയവ)
- ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് മുനിസിപ്പാലിറ്റികളിലെയും, മുനിസിപ്പൽ കോർപറേഷനുകളിലെയും, ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതി നടത്തിപ്പ് വളരെ മോശമാണ്. പദ്ധതി രൂപീകരണത്തിലും നടത്തിപ്പിലുമുള്ള മാനദണ്ഡങ്ങളിൽ അടിസ്ഥാന മാറ്റം വരാൻ നടപടികൾ ആവശ്യമാണ്.